ആ സംരക്ഷണം കിട്ടണം. അതാണ് ഗവൺമെൻറിനോട് പറയാനുള്ളത്. ഇവിടെ ഭരണഘടനയനുസരിച്ച് യോഗം ചേരാനും പ്രസംഗിക്കാനും സംഘടന ഉണ്ടാക്കി പ്രവർത്തിക്കാനും ബൂർഷ്വാ പാർട്ടികൾക്കുവരെ മൗലികമായ അവകാശമുണ്ട്. ആ മൗലികാവകാശം ഒരു തൊഴിലാളി വർഗ്ഗ പാർട്ടിയെന്നു പറയുന്ന നിങ്ങൾ നിഷേധിക്കുമ്പോൾ ലജ്ജയില്ലേ നിങ്ങൾക്കെന്നാണ് എനിക്ക് എൻെറ പഴയ പാർട്ടിയിലെ ആളുകളോട് ചോദിക്കാനുള്ളത്. ഈ രാജ്യത്ത് ഇത്തരം ഏർപ്പാടുകൾ തടയണം. അതിനുവേണ്ടി നടപടികളെടുത്തില്ലെങ്കിൽ പൗരാവകാശത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഈ രാജ്യത്ത് ഒരു പ്രസ്ഥാനം തന്നെ ആരംഭിക്കുമെന്നാണ് ഗവൺമെൻറിനോട് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒക്ടോബർ 18-ാം തീയതി കാഞ്ഞത് പത്തൊമണിയോടുകൂടി ശ്രീ. രാഘവനും അദ്ദേഹത്തിൻെറ പാർട്ടി സ്റ്റേറ്റ് സെക്രട്ടേറിയറ്റ് മെമ്പറുമായ ശിവരാമനും ആശുപത്രിയിൽ എത്തിയപ്പോൾ ഏതാനും മാർക്സിസ്റ്റ് പ്രവർത്തകർ ആ ആശുപത്രിയിൽ ചെന്നു അവരെ തടയുകയുണ്ടായി. സത്യപാലൻ എന്നുപറയുന്ന മാടായി ലോക്കൽ കമ്മിറ്റി സെക്രട്ടറി മാപ്പു പറയണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടെ ബഹളം തുടങ്ങിയപ്പോൾ ശ്രീ. രാഘവനാണെന്നു തോന്നുന്നു കൺട്രോൾ റൂമിൽ വിവരം അറിയിച്ചു. ഉടനെ കൺട്രോൾ റൂമിൽനിന്നു പോലീസ് പാർട്ടിയെത്തി. തളിപ്പറമ്പ് സ്റ്റേഷൻ വിസിറ്റ് ചെയ്യാൻ പോയ എസ്. പി. അവിടെയുണ്ടായിരുന്നു. എസ്. പി. യെ കോൺടാക്റ്റ് ചെയ്തു. എസ്. പി. അവിടെ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്നു പറഞ്ഞു. സംഭവത്തിൻെറ പിന്നിൽ, മാപ്പുചോദിക്കണമെന്നു പറഞ്ഞ കാര്യത്തെക്കുറിച്ചു അന്വേഷിച്ചപ്പോൾ, ബഹുമാനപ്പെട്ട മെമ്പർ തന്നെ സൂചിപ്പിച്ചതുപോലെ വിഷചികിൽസാകേന്ദ്രത്തിൽ ആരും പോകരുതെന്നു പറഞ്ഞ് മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു സർക്കുലറുണ്ടെന്നാണ് റിപ്പോർട്ട്. ..... (ബഹളം) ..... ഏതായാലും ചോദ്യം ചെയ്തത് പാർട്ടിയുടെ കാര്യമാണോ അതല്ല മറ്റു കാര്യമാണോ എന്ന് അറിയില്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം മി. നായനാരായാലും ശരി. മി. രാഘവനായാലും ശരി ഈ ഗവൺമെൻറിന് എല്ലാവർക്കും തുല്യമായ സംരക്ഷണം കൊടുക്കാൻ ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത ഗവൺമെൻറ് ഏറെറടുക്കുകതന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇതിനോടനുബന്ധിച്ച് 23 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി ആളുകളേയും അറസ്റ്റ് ചെയ്യും. ശക്തിയായ, കർശനമായ നടപടികൾ എടുക്കും. ഇത്തരം അക്രമങ്ങൾ ഒരുകാലത്തും മേലാൽ അനുവദിക്കുകയില്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

VI മേശപ്പുറത്തു വച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 ജൂൺ 26-ാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 138/86 ഹോം (എസ്.ആർ.ഒ. നമ്പർ 1001/86).
2. 1986 ജൂലൈ 3-ാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 217/86/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 1216/86).

LIBRARY ARCHIVES Kerala Legislative Assembly

3. 1986 ജൂലൈ 23-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 238/86/ജി. എ.ഡി. (എസ്.ആർ.ഒ. നമ്പർ 1244/86).

4. 1986 ജൂലൈ 25-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 240/86/ജി. എ.ഡി. (എസ്.ആർ.ഒ. നമ്പർ 1212/86)

5. കേരള പൊതുപ്രവർത്തക (അഴിമതി നിരോധന) കമ്മീഷന്റെ 1986 വർഷത്തേക്കുള്ള രണ്ടാമത് വാർഷിക റിപ്പോർട്ട്.

6. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 1-4-1983 മുതൽ 31-3-1984 വരെയുള്ള പ്രവർത്തന റിപ്പോർട്ടും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള ചില കേസുകളിൽ കമ്മീഷന്റെ ഉദ്ദേശം സ്വീകരിക്കാതിരുന്നതിനുള്ള കാരണങ്ങളും വിശദീകരിച്ചുകൊണ്ടുള്ള മെമ്മോറാണ്ടം സഹിതം.

സർ, താഴെ പറയുന്ന കടലാസുകൾകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

7. 1986 മേയ് 5-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 144/86/ ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 916/86).

8. 1986 മേയ് 21-ാം തീയതിയിലെ ജി.ഒ.(പി.) നമ്പർ 163/86/ജി. എ.ഡി. (എസ്.ആർ.ഒ. നമ്പർ 968/86).

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 1983-84-ലേക്കുള്ള പന്ത്രണ്ടാമത് വാർഷിക റിപ്പോർട്ട് റിവ്യു സഹിതം.

2. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ക്ലിപ്തത്തിന്റെ 1982-83 ലേക്കുള്ള മുപ്പത്തിആറാമത് വാർഷിക റിപ്പോർട്ട് റിവ്യു സഹിതം.

3. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ക്ലിപ്തത്തിന്റെ 1983-84-ലേക്കുള്ള മുപ്പത്തിഏഴാമതു വാർഷിക റിപ്പോർട്ട് റിവ്യു സഹിതം.

4. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ക്ലിപ്തത്തിന്റെ 1981-82-ലേക്കുള്ള പതിനെട്ടാമത് വാർഷിക റിപ്പോർട്ടും കണക്കും, റിവ്യു സഹിതം.

5. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ക്ലിപ്തത്തിന്റെ 1982-83-ലേക്കുള്ള പത്തൊൻപതാമത് വാർഷിക റിപ്പോർട്ടും കണക്കും, റിവ്യു സഹിതം.

6. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ക്ലിപ്തത്തിന്റെ 1983-84-ലേക്കുള്ള ഇരുപതാമത് വാർഷിക റിപ്പോർട്ടും കണക്കും, റിവ്യു സഹിതം.

7. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ക്ലിപ്തത്തിന്റെ 1984-85-ലേക്കുള്ള ഇരുപത്തിഒന്നാമത് റിപ്പോർട്ടും കണക്കും, റിവ്യു സഹിതം.

സർ, താഴെ പറയുന്ന കടലാസുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

8. 1986 ജൂലായ് 8-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 18157/ജി. 2/86/ഐ.ഡി. (എസ്.ആർ.ഒ. നമ്പർ 1052/86).

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

കാലിക്കറ്റ് സർവ്വകലാശാലയുടെ 1985-ലെ വാർഷിക റിപ്പോർട്ട് 1984-85-ലെ വാർഷിക കണക്കും സഹിതം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1985 ആഗസ്റ്റ് 31-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 22962/സി.എ.ഡി.എ.1/85/ഡബ്ലിയു. ആർ പി. (എസ്.ആർ.ഒ. നമ്പർ 1168/85).
2. കേരള പ്രീമോപൈപ്പ് ഫാക്ടറി ക്ലിപ്തത്തിന്റെ 1980-ലേക്കുള്ള പത്തൊൻപതാമത് വാർഷിക റിപ്പോർട്ട്, റിവ്യു സഹിതം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 മേയ് 15-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 68/86/റവ.ഡി. (എസ്.ആർ.ഒ. നമ്പർ 962/86).
2. 1986 ജൂൺ 6-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 78/86/റവ. ഡി. (എസ്.ആർ.ഒ. നമ്പർ 1128/86).
3. 1986 ജൂൺ 7-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 79/86/റവ. ഡി. (എസ്.ആർ.ഒ. നമ്പർ 1127/86).
4. 1986 ഏപ്രിൽ 25-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 62/86/റവ. ഡി. (എസ്.ആർ.ഒ. നമ്പർ 832/86).

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 1978-79-ലേക്കുള്ള വാർഷിക റിപ്പോർട്ടും, 1979 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള ബോർഡിന്റെ കണക്കുകളെ സംബന്ധിച്ച ആഡിറ്ററുടെ റിപ്പോർട്ടും സഹിതം.
2. ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻസ് ക്ലിപ്തത്തിന്റെ 1983-84-ലേക്കുള്ള ഏഴാമത് വാർഷിക റിപ്പോർട്ട്.
3. വൈപ്പിൻ മദ്യദുരന്തത്തിനെ സംബന്ധിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും, കമ്മീഷന്റെ ശുപാർശകളിൽ ഗവൺമെന്റ് കൈക്കൊണ്ട നടപടിയെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 1986 സെപ്റ്റംബർ 6-ാം തീയതിയിലെ ജി. ഒ. (ആർ. ടി.) 631/86/റവ. ഡി. സഹിതം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1. 1986 ജൂലായ് 29-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 85/86/പി. ഡബ്ല്യൂ. ആർ റവ. (എസ്. ആർ. ഒ. നമ്പർ 1152/86).

LIBRARY ARCHIVES Kerala Legislative Assembly

2. 1986 ജൂലായ് 29-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 86/86/പി. ഡബ്ല്യൂ. ആൻറ് ററി. (എസ്. ആർ. ഒ. നമ്പർ 1153/86).

3. 1986 സെപ്റ്റംബർ 10-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 112/86/പി. ഡബ്ല്യൂ. ആൻറ്. ററി. (എസ്. ആർ. ഒ. നമ്പർ 1356/86).

4. 1986 സെപ്റ്റംബർ 25-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 118/86/പി. ഡബ്ല്യൂ. ആൻറ് ററി. (എസ്. ആർ. ഒ. നമ്പർ 1422/86).

5. കേരള സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻറെ 1980 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കണക്കുകളെ സംബന്ധിച്ച ആഡിററ് റിപ്പോർട്ട്.

6. കേരള സ്റ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻറെ 1981 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കണക്കുകളെ സംബന്ധിച്ച ആഡിററ് റിപ്പോർട്ട്.

VII റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ 21-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, ഞാൻ പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത് ഒരു നിയമപ്രശ്നത്തിൻമേലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊൻകുന്നം വെടിവയ്പിനെക്കുറിച്ച് മറുപടി പറയവേ പോലീസുകാർക്കും വെടിവയ്ക്കാം എന്ന് പറയുകയുണ്ടായി. ഇൻഡ്യൻ പീനൽകോഡ് 80-ാം വകുപ്പനുസരിച്ച് ഇൻഡ്യയിലുള്ള എല്ലാ പൗരൻമാർക്കും ആത്മരക്ഷാവകാശം ഉണ്ട്. അത് പോലീസുകാർക്കും ഉണ്ട്.....(ബഹളം).....

ജലസേചന വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇത് അനുവദിക്കത്തക്കതല്ല എന്ന പോയിൻറ് ഓഫ് ഓർഡർ ആണ് ഞാൻ ഉന്നയിക്കുന്നത്. ഒരു ബിസിനസിൽനിന്ന് അടുത്ത ബിസിനസിലേക്ക് കടന്നുകഴിഞ്ഞാൽ ആ ബിസിനസിനെ സംബന്ധിച്ചുള്ള അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly